# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 611 | 26.04.2017-ൽ മറുപടിക്ക്

## വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള സർക്കാർ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യം നീക്കൽ, ശുചീകരണം എന്നീ ലക്ഷ്യത്തിലേക്കായി ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതി കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുക്കപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗ്രീൻ കാർപ്പറ്റ് എന്ന നൂതന പദ്ധതി വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെ ടൂറിസത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി ഇതിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടി ലഭ്യമാക്കുന്ന വിധത്തിൽ വ്യാപിപ്പിക്കുന്നതും നടപ്പിൽ വരുത്തുന്നതും സംബന്ധിച്ച വിഷയം പരിഗണനയിലുണ്ട്. |

ബി) തദ്ദേശീയരും വിദേശീയരുമായ നിരവധി വിനോദസഞ്ചാരികളെത്തുന്ന കേന്ദ്രങ്ങളായ മൂന്നാർ, കോവളം, വയനാട്, പൊൻമുടി തുടങ്ങിയ സ്ഥലങ്ങളിലെ റോഡുകളുടെ ശോചനീയാവസ്ഥ മാറ്റുവാൻ നടപടി സ്വീകരിക്കുമോ;

സി) ഇവിടങ്ങളിലെ റോഡുകളുടെ വീതിക്കുറവ്, പാർക്കിംഗ് സൗകര്യമില്ലായ്മ, താമസസ്ഥലം അതിലെ പലവിധത്തിലുള്ള ചൂഷണങ്ങൾ ഇവയെല്ലാം വിനോദ സഞ്ചാരികളുടെ വരവിനെ ബാധിക്കുന്നുണ്ടെന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

ബി) യും സി) പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലെ റോഡുകളുടെ വികസനം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു.

ഡി) വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ സമഗ്രമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഡി) കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ കോവളം, കുമരകം, തേക്കടി, പൊന്മുടി, അഷ്ടമുടി (കൊല്ലം), ആതിരപ്പള്ളി, മലയാറ്റൂർ, നിലമ്പൂർ, പെരുവണ്ണാമൂഴി എന്നീ സ്ഥലങ്ങൾക്കുവേണ്ടി സമഗ്രമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി നടന്നു വരുന്നു. ഫോർട്ട് കൊച്ചിയ്ക്കുള്ള അന്തിമ മാസ്റ്റർപ്ലാൻ അംഗീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.